II ശ്രദ്ധക്ഷണിക്കൽ

(1) കളിമൺ, പായ, ഈറ്റ, ബീഡി മേഖലകളിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ.രാധാകൃഷ്ണൻ : സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കളിമൺ, പായ, ഈറ്റ, ബീഡി മേഖലകളിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ ദുരവസ്ഥയാണ് ഈ സഭയുടേയും വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ശ്രമിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയത്തിന്റെ ഫലമായി ഇൻഡ്യയിൽ ഏകദേശം 6 ലക്ഷത്തിലധികം ചെറുകിട-പരമ്പരാഗത വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടുകയും കോടിക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്താകട്ടെ, ഈ പരമ്പരാഗത വ്യവസായ മേഖലയിലുണ്ടായ തകർച്ചയുടെ ഫലമായി ഏകദേശം 45 ലക്ഷത്തിലധികം തൊഴിലാളികൾ തെരുവാധാരമായിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട മേഖലകളായ ഈറ്റ, കളിമൺ, ബീഡി, പായ നെയ്ത്ത് തൊഴിലാളികളാകെത്തന്നെ വളരെ ദയനീയമായ സ്ഥിതിയിലാണ്. ഏകദേശം മൂന്നര ലക്ഷത്തോളം ഈറ്റത്തൊഴിലാളികൾ കേരളത്തിലുണ്ട്. ഈറ്റവെട്ടിയും അത് വിപണനം ചെയ്തും ജീവിക്കുന്ന ഒരുപാട് തൊഴിലാളികളുണ്ട്. ഈറ്റ ഉപയോഗിച്ചു പനമ്പ്, കുട്ട, വട്ടി മുതലായവ നിർമ്മിച്ച് ഉപജീവനം കഴിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. ഇന്ന് അവരുടെ സ്ഥിതി വളരെ ദയനീയമാണ്. ഈറ്റ ലഭിക്കാൻ വേണ്ട യാതൊരു സൗകര്യവും ഇന്ന് ഇല്ല. മത്സ്യത്തൊഴിലാളി മേഖലയിൽ എന്നപോലെ സീസൺ പീരിയഡിൽ ഈറ്റ വെട്ടേണ്ടതില്ലായെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈറ്റ ലഭ്യമല്ലാത്തതുകൊണ്ട് ഈ തൊഴിലാളികൾ വളരെയധികം കഷ്ടപ്പെടുകയാണ്. ഈറ്റ ലഭിക്കുന്നില്ലായെന്നുള്ളതുപോലെ തന്നെയാണ് കിട്ടുന്ന ഈറ്റയുടെ വർദ്ധിച്ച വിലയും. ഈറ്റയ്ക്ക് വില വർദ്ധിപ്പിച്ചുകൊണ്ട് ഈറ്റ ലഭ്യമാകാതെയുള്ള സ്ഥിതിവിശേഷമാണ് നമ്മുടെ ബാംബൂ കോർപ്പറേഷൻ നടപ്പിലാക്കുന്നത്. ബാംബൂ കോർപ്പറേഷൻ ഈറ്റത്തൊഴിലാളികളെ സംരക്ഷിക്കേണ്ടതിനു പകരം അവരെ തെരുവാധാരമാക്കുന്നതിന് കൂട്ടുനിൽക്കുകയാണ്. ഇതുതന്നെയാണ് കളിമണ്ണ് ഉപയോഗിച്ചുകൊണ്ട് ഉപജീവനം നടത്തിവരുന്ന 3 ലക്ഷത്തോളം തൊഴിലാളികളുടേയും സ്ഥിതി എന്നും നമുക്കറിയാം. കളിമണ്ണ് വ്യവസായം വലിയ പ്രതിസന്ധിയെ നേരിടുകയാണ്. പരമ്പരാഗതമായി കുലത്തൊഴിലായ മൺപാത്ര നിർമ്മാണവുമായി കഴിയുന്ന ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകളുടെ സ്ഥിതിയെന്നുപറയുന്നത് ഏറ്റവും ദയനീയമാണ്. ആ ജനവിഭാഗം കേരളത്തിലെ ആദിവാസി ജനവിഭാഗങ്ങളേക്കാൾ കഷ്ടപ്പാടും ദുരിതവും സഹിക്കുകയാണ്. മണ്ണ് ലഭ്യമല്ല. അതുപോലെ മണ്ണ് ഉപയോഗിച്ച് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ട യാതൊരു വഴിയുമില്ല. ആയിരക്കണക്കിന് കുടിലുകളിലുണ്ടാക്കിയ മൺപാത്രങ്ങൾ കെട്ടിക്കിടക്കുകയും

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

അത് വിറ്റഴിക്കാൻ കഴിയാതെ ദുരിതം അനുഭവിക്കുകയും ചെയ്യുകയാണ്. ആ തൊഴിലാളികളെ സഹായിക്കാൻ വേണ്ട യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. അതുപോലെതന്നെയാണ് പായ നെയ്ത്ത് തൊഴിലാളികളുടേയും സ്ഥിതി. പായ നെയ്ത്തുകൊണ്ട് ഉപജീവനം കഴിച്ചിരുന്ന ഏകദേശം ഒന്നര ലക്ഷത്തോളം തൊഴിലാളികൾ ഇപ്പോൾ കഷ്ടപ്പാടിലും ദുരിതത്തിലുമാണ്. ഒന്നര ലക്ഷത്തോളം വരുന്ന ബീഡി തൊഴിലാളികളും വളരെ കഷ്ടത്തിലാണ്. ഈറ്റയും തെങ്ങിന്റേയും പനമ്പിന്റേയും കൈതയുടേയും ഓലയും ഉപയോഗിച്ച് പായ നെയ്ത് ഉപജീവനം കഴിച്ചിരുന്ന ഏകദേശം 9 ലക്ഷത്തോളം വരുന്ന പാവപ്പെട്ട തൊഴിലാളികൾ ഇന്ന് വളരെ ദുരിതത്തിലും കഷ്ടപ്പാടിലുമാണ്. അവരെ സംരക്ഷിക്കാൻവേണ്ടി ചില ക്ഷേമനിധിയും സംവിധാനങ്ങളുമൊക്കെത്തന്നെ നമ്മുടെ നാട്ടിൽ നിലവിലുണ്ട്. അസംഘടിത കൈത്തൊഴിലാളികൾക്കാകെ ആശ്രയമായി നിൽക്കേണ്ട ക്ഷേമനിധി ബോർഡിന്റെ ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണെന്ന് പറയേണ്ട സ്ഥിതിയാണ്. യാതൊരു തരത്തിലുള്ള ക്ഷേമപദ്ധതികളും തൊഴിലാളികൾക്കുവേണ്ടി അവർ നടപ്പാക്കുന്നില്ല. നമ്മുടെ ആളുകൾ ഐ.ടി. യുടെയും ബി.ടി.യുടെയും മേന്മയെ സംബന്ധിച്ച് വലിയ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്ന സമയമാണ്. ചൈനയെ മാതൃകയാക്കണമെന്നാണ് ഇവിടെ എല്ലായ്പ്പോഴും ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നത്. ചൈനയിലെ കുഗ്രാമങ്ങളിൽ ഉണ്ടാക്കുന്ന വസ്തുക്കൾ നമ്മുടെ നാട്ടിലെല്ലാം സുലഭമായി ലഭിക്കുകയാണ്. പരമ്പരാഗത കുലത്തൊഴിലിനെ ആധുനികവത്ക്കരിക്കാനും വൈവിദ്ധ്യവത്ക്കരിക്കാനും അതിന് മാർക്കറ്റുണ്ടാക്കിക്കൊടുക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. എന്നാൽ ഇന്ന് അതിനുവേണ്ടിയുള്ള യാതൊരു നടപടിയും സ്വീകരിക്കാത്തതുകൊണ്ട് ഈ പാവപ്പെട്ട തൊഴിലാളികൾ വലിയ ദുരിതത്തിലും കഷ്ടപ്പാടിലുമാണ്. ഇപ്പോൾ കാലവർഷക്കെടുതിയാണ്. മണ്ണ് ഉപയോഗിച്ചുള്ള മൺപാത്ര നിർമ്മാണം നടക്കുന്നില്ല. അതുപോലെ കുട്ട, വട്ടി, പനമ്പ് നിർമ്മാണം നടക്കുന്നില്ല. ബീഡി തൊഴിലാളികളും കഷ്ടപ്പാടിലാണ്. പായ നെയ്ത്തും നടക്കുന്നില്ല. അവരെ സംരക്ഷിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞില്ലായെങ്കിൽ വലിയ പ്രത്യാഘാതവും ഗുരുതരമായ അവസ്ഥയും ഉണ്ടാകുമെന്ന് മനസ്സിലാക്കിക്കൊണ്ട് ആ മേഖലയിൽ ഉടനടി ഗവൺമെന്റ് ബന്ധപ്പെടാനും അവർക്ക് ആശ്വാസം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കാനും ഈ കാളിങ് അറ്റൻഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഈറ്റ, കളിമൺ വ്യവസായം, പായ നെയ്ത്ത്, ബീഡി തുടങ്ങിയ മേഖലകളിലെ തൊഴിലാളികളുടെ വളരെ ദുരിതപൂർണ്ണമായ ജീവിത സാഹചര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട ശ്രീ. രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇത് വസ്തുതയാണ്. കളിമൺ വ്യവസായം ആധുനികവത്ക്കരണം കൊണ്ട് ഏറ്റവും കൂടുതൽ കെടുതികൾ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിക്കേണ്ടി വന്ന ഒരു വിഭാഗമാണ്. ഇവിടെ മെമ്പർ തന്നെ ചൂണ്ടിക്കാണിച്ചു, വളരെയധികം മൺപാത്രങ്ങൾ കെട്ടിക്കിടക്കുന്നു. ഇത് ഇപ്പോൾ മാർക്കറ്റിൽ വിറ്റഴിക്കാൻ കഴിയുന്നില്ല. ഇന്ന് നാട്ടിൻപുറങ്ങളിൽ മാത്രമാണ് മൺപാത്രങ്ങൾ ഉപയോഗിക്കുന്നത്. ഗ്യാസ് കടന്നുവന്നപ്പോൾ കളിമൺ പാത്രങ്ങളുപയോഗിച്ചുള്ള കുക്കിംഗ് എന്നുപറഞ്ഞാൽ ഗ്യാസ് വളരെയധികം വേണ്ടിവരും. പട്ടണങ്ങളിലെല്ലാം അത് പൂർണ്ണമായി ഒഴിവായിക്കഴിഞ്ഞു. നാട്ടിൻപുറങ്ങളിൽ എത്ര പാത്രങ്ങളാണ് അവർക്ക് വാങ്ങാൻ കഴിയുന്നത്? പിന്നെ അതിന്റെ വിലയും ഇപ്പോൾ പ്രശ്നമാണ്. നല്ല കളിമൺ പാത്രങ്ങൾക്കൊക്കെ നല്ല അലുമിനിയം പാത്രങ്ങളുടെ വില കൊടുക്കണം. അലുമിനിയവും അതുപോലെയുള്ള മറ്റ് മെറ്റലുകളുമൊക്കെ കടന്നുവന്നപ്പോൾ ആ തൊഴിലിനെ ആശ്രയിച്ച് കഴിയുന്ന ഒരു വലിയ വിഭാഗം ജനങ്ങളുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവർക്ക് ഈ പറഞ്ഞതുപോലെയുള്ള പ്രശ്നങ്ങളുണ്ട്. അവർക്ക് ആവശ്യമായ മണ്ണ് ലഭ്യമാകാതിരിക്കുന്ന പ്രശ്നങ്ങളുണ്ട്. വളരെ വലിയ സാധ്യതകൾ ഇനി ഈ രംഗത്ത് ഉണ്ടെന്ന് നമുക്ക് പ്രതീക്ഷിക്കാൻ വകയില്ല എന്നാണ് എന്റെ വിശ്വാസം. എങ്കിലും ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ അർഹിക്കുന്ന പ്രാധാന്യം നൽകി പുനരധിവസിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ മറ്റ് സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനും അവർക്ക് ഒരു ക്ഷേമപദ്ധതി ഏർപ്പെടുത്തുന്നതിനും വേണ്ടി വളരെ ഗൗരവമായി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. അതുപോലെ ഈറ്റത്തൊഴിലാളികളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഈറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾ കഴിഞ്ഞ ദിവസം സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബാംബൂ കോർപ്പറേഷനുമായി അക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തു. ബന്ധപ്പെട്ടവരുടെ യോഗം അടുത്ത ദിവസങ്ങളിൽ തന്നെ വിളിച്ചുചേർത്തു. ഈറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കൂട്ടായ ചർച്ച നടത്തി അതിന് പരിഹാരം കാണുന്നതാണ്. അതുപോലെ ബീഡിത്തൊഴിലാളികളുടെ ക്ഷേമപദ്ധതികളെക്കുറിച്ച് പറഞ്ഞു. ഈറ്റ-കാട്ടുവള്ളി ക്ഷേമപദ്ധതിക്ക് പുതിയ ബോർഡ് സംവിധാനം നിലവിലുണ്ട്. പക്ഷേ കഷ്ടിച്ച് 800 തൊഴിലാളികൾ മാത്രമാണ് അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ നിന്ന് വരുമാനമൊന്നും ലഭിക്കുന്നില്ലായെന്നുള്ളതുകൊണ്ട് കിട്ടുന്ന വരുമാനം കൊണ്ട് തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ലായെന്നുള്ള പ്രശ്നമുണ്ട്. അതും തീർച്ചയായും ഗവൺമെന്റ് അർഹിക്കുന്ന ഗൗരവത്തിൽ തന്നെ കാണും. പായ നെയ്ത് തൊഴിലാളികളെ സംബന്ധിച്ചും ആ രംഗത്ത് പ്രശ്നങ്ങളാണ്. ഈറ്റ-കാട്ടുവള്ളി ക്ഷേമപദ്ധതിയുടെ കീഴിൽ അവരേയും ഉൾപ്പെടുത്തുന്നതാണ്. അവരേയും കൂടി അംഗങ്ങളാക്കിക്കൊണ്ട് ഈ പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ആശ്വാസം പകരാൻ ഗവൺമെന്റ് വളരെ സജീവമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ അറിയിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഈറ്റയും അതുപോലെ വളളിയും ഉപയോഗിച്ച് തൊഴിൽ ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കുവേണ്ടി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതിൽ 800 തൊഴിലാളികളാണ് ചേർന്നിട്ടുള്ളതെന്നും പറഞ്ഞു. അതിന്റെ പ്രധാനപ്പെട്ട കുറവ് എന്നുപറയുന്നത് അങ്കമാലിയിലാണ് അതിന്റെ ഹെഡ്ഡ് ഓഫീസ്. ഒരു ഓഫീസ് മാത്രമാണ് നിലവിലുള്ളത്. അതുകൊണ്ട് എല്ലാ ജില്ലകളിലും ഇതിന്റെ ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; അതോടൊപ്പംതന്നെ പഞ്ഞമാസമാണ് വരുന്നത്. പ്രകൃതിക്ഷോഭം കൊണ്ടൊക്കെ ദുരിതം അനുഭവിക്കുകയാണ്. ഈ അവസരത്തിൽ പാവപ്പെട്ട തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. ബാബു ദിവാകരൻ : ഈറ്റ-കാട്ടുവള്ളി തൊഴിലാളികളുടെ ഓഫീസ് എല്ലാ ജില്ലകളിലും ആവശ്യമില്ല. അത്യാവശ്യം വേണ്ട ജില്ലകളിൽ, തിരുവനന്തപുരം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിലാണ് ഇത് കേന്ദ്രീകരിച്ചിട്ടുള്ളത്. ആ പ്രദേശങ്ങളിൽ കൂടുതൽ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനോ ഉള്ള ഓഫീസുകളുടെ പ്രവർത്തനം അവിടത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(2) റബ്ബർ ഇറക്കുമതി നിരോധനം റദ്ദാക്കിക്കൊണ്ടുള്ള കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം

ശ്രീ. ഉമ്മൻ ചാണ്ടി : സർ, റബ്ബർ ഇറക്കുമതി നിരോധനം റദ്ദാക്കിക്കൊണ്ടുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം കേരളത്തിലുണ്ടാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം മുഖ്യമന്ത്രിയുടേയും ഈ സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ 90 ശതമാനത്തിലധികവും കേരളത്തിലാണ്. റബ്ബറിന്റെ വിലയിലുണ്ടാകുന്ന കുറവ് കാർഷിക മേഖലയെ മാത്രമല്ല, നമ്മുടെ സമ്പദ്ഘടനയെ ആകെ തളർത്തും. കഴിഞ്ഞ നാലഞ്ച് വർഷക്കാലത്തെ അനുഭവം നമുക്കുണ്ട്. അത്രമാത്രം പ്രാധാന്യമുള്ള റബ്ബറിന്റെ ഇറക്കുമതി നിരോധനം റദ്ദാക്കിക്കൊണ്ടുള്ള തീരുമാനം അടുത്ത ദിവസങ്ങളിൽ വളരെ ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കും. കയറ്റുമതി ചെയ്യുന്ന റബ്ബർ ഉൽപ്പന്നങ്ങൾക്ക് ആനുപാതികമായ ഡ്യൂട്ടി ഇല്ലാതെ ഇറക്കുമതി ചെയ്യാൻ ഇപ്പോൾ അനുമതി നൽകിയിരിക്കുകയാണ്. റബ്ബറിന്റെ വില 20 രൂപയിൽ താഴേക്ക് വന്നു. ഇത് ഉയർത്തിക്കൊണ്ടു വന്നത് റബ്ബർ ഇറക്കുമതി നിരോധനം കൊണ്ടും, സംസ്ഥാന ഗവൺമെന്റ് ടാക്സ് കുറച്ചതുകൊണ്ടും, അതിന്റെയൊക്കെ പുറമെ അൻപതിനായിരത്തോളം ടൺ റബ്ബർ സംസ്ഥാന ഗവൺമെന്റിന്റെയും, റബ്ബർ ബോർഡിന്റെയും സബ്സിഡിയോടുകൂടി കയറ്റുമതി ചെയ്യുകയും ചെയ്ത സാഹചര്യത്തിലാണ്. പക്ഷെ ഈ നിരോധനം പിൻവലിച്ചാൽ വളരെ പെട്ടെന്ന് വ്യത്യസ്തമായ സാഹചര്യം ഉണ്ടാകും. കോടതി വിധിയെ അടിസ്ഥാനമാക്കിയാണ് പുതിയ ഉത്തരവ് വന്നിരിക്കുന്നത്. ബോംബെ ഹൈക്കോടതിയിലെ നിരോധനത്തിനെതിരെ വ്യവസായികൾ കേസ്

LIBRARY ARCHIVES Kerala Legislative Assembly